LIBRARY ARCHIVES Kerala Legislative Assembly

വിഴിഞ്ഞം ഇറമുഖ പദ്ധതി

160 (1987) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. ബി. സത്യൻ :
ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിഴിഞ്ഞം ഇറമുഖ പദ്ധതി പ്രദേശത്ത് മത്സ്യബന്ധനത്തിലേർപ്പെട്ടവരും മറ്റുനിലയിൽ ജീവനോപാധിയിൽ ഏർപ്പെട്ടവരും പദ്ധതി പ്രതികൂലമായി ബാധിച്ചിട്ടുളളവരും എത്രയാണെന്ന് വിശദമാക്കുമോ ?

ഉത്തരം

വിഴിഞ്ഞം അന്താരാഷ്ട്ര ഇറമുഖപദ്ധതി നിർമ്മാണംമൂലം പദ്ധതി പ്രദേശത്തെ 325 മത്സ്യത്തൊഴിലാളികൾ സ്ഥിരമായി ബാധിതരാകുമെന്നും 2000-ത്തോളം മത്സ്യത്തൊഴിലാളികൾ താൽക്കാലികമായി ബാധിതരാകുമെന്നുമാണ് പദ്ധതിയുടെ പാരിസ്ഥിതിക സാമൂഹിക പഠന റിപ്പോർട്ടിൽ (2013) സൂചിപ്പിച്ചിട്ടുള്ളത്. ഇതുസംബന്ധിച്ച് അർഹരായവരെ കണ്ടെത്തുന്നതിനായി ഒരു Livelihood Impact Appraisal Committee(LIAC)-യും ഇതിന്മേൽ ലഭിക്കുന്ന പരാതികൾ പരിഗണിക്കുന്നതിനായി ഒരു അപ്പീൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. Livelihood Impact Appraisal Committee(LIAC) 18-9-2015-ൽ പ്രസിദ്ധീകരിച്ച റിപ്പോർട്ടിന്മേൽ 18,839 പരാതികൾ ലഭിക്കുകയുണ്ടായി. പ്രസ്തുത പരാതികൾ വിവിധ വിഭാഗങ്ങളായി തരംതിരിച്ച് LIAC അപ്പീൽ കമ്മിറ്റി പരിശോധിച്ചു വരുന്നു. LIAC അപ്പീൽ കമ്മിറ്റിയുടെ റിപ്പോർട്ട് അന്തിമമാകുന്ന മുറയ്ക്ക് മാത്രമെ ബാധിതരുടെ അന്തിമ പട്ടിക പൂർത്തിയാക്കുകയുള്ളൂ.

വിഴിഞ്ഞം ഇറമുഖ പദ്ധതി - ഭൂമി ഏറ്റെടുക്കൽ നടപടിയും അടിസ്ഥാനസൗകര്യ വികസന പദ്ധതികളും

161 (1988) ശ്രീ. ബി. സത്യൻ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം ഇറമുഖ പദ്ധതിക്കായി മുൻസർക്കാരിന്റെ കാലത്ത് ആരംഭിച്ച ഭൂമി ഏറ്റെടുക്കാൻ നടപടിയും അടിസ്ഥാന സൗകര്യം ഒരുക്കാനുള്ള പദ്ധതികളും പൂർത്തിയായിട്ടുണ്ടോ ;